ആയുർവ്വേദ, ഹോമിയോ, യുനാനി ഡിസ്പെൻസറികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ

158 (366) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചതുമായ ആയുർവ്വേദ, ഹോമിയോ, യുനാനി ഡിസ്പെൻസറികളിൽ (എൻ.ആർ.എച്ച്.എം.) ഫാർമസിസ്റ്റ്/ അറ്റൻഡർമാരെ ദിവസവേതനത്തിന് പഞ്ചായത്തുകൾ നിയമിച്ചത് നിർത്തലാക്കണമെന്നും, പഞ്ചായത്ത് ഫണ്ടുകളിൽ നിന്ന് അവർക്ക് പണം നൽകരുതെന്നുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമൂലം ഈ ഡിസ്പെൻസറികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ എന്ത് ബദൽ സംവിധാനം ഏർപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. മുഖേന അനുവദിച്ച ആയുർവ്വേദ, ഹോമിയോ, യുനാനി ആശുപത്രിയിലെ ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ശമ്പളം നൽകാനാവില്ല എന്ന് അറിയിച്ചിട്ടുണ്ട്.

(ബി) തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംയോജിത നീർത്തട പദ്ധതി

159(367) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന സംയോജിത നീർത്തടപദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഏതൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതൊക്കെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു എന്നറിയിക്കുമോ ;

(സി) ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കേന്ദ്രധനസഹായമായി ആകെ എത്ര കോടി രൂപയാണ് ലഭ്യമാക്കുന്നത് ;

(ഡി) സംസ്ഥാനവിഹിതമായി എന്തു തുക ചെലവിടേണ്ടിവരും ;

(ഇ) ഈ പദ്ധതികൾ എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly